I/207624/2022

"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം
(നിലവിൽ: സ്റ്റാറി പോൾ )

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് -ജീവനക്കാര്യം - എം.ആർ.എ.സി , എം.എം.വി ട്രേഡ് വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റം നടത്തി ഉത്തരവാകുന്നു.

പരാമർശം:- ജോയിന്റ് ഡയറക്ടറുടെ 27.06.2022 തീയതിയിലെ ഇതേ നമ്പർ ചുറ്ററിയിപ്പ്.

**ഉത്തരവ് നമ്പർ: ഡി.റ്റി/2977/2022-എ6 തീയതി: 03-08-2022**

വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്ന് എൻ.റ്റി.സി/എൻ.എ.സി യോഗ്യതയുള്ള ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കാൻ പരാമർശ പ്രകാരം സർക്കുലർ പുറപ്പെടുവിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ എം.ആർ.എ.സി , എം.എം.വി ട്രേഡുകളിൽ പ്രസ്തുത യോഗ്യത ഉള്ള താഴെ പറയുന്ന ജീവനക്കാരുടെ വിവരങ്ങൾ ലഭ്യമാക്കിയിരുന്നു. ടി വിവരങ്ങൾ പരിശോധിച്ചതിൽ പ്രസ്തുത ജീവനക്കാർക്ക് വിശേഷാൽ ചട്ട പ്രകാരം ഉള്ള യോഗ്യതയുടെയും , ഒഴിവുകളുടെയും അടിസ്ഥാനത്തിൽ അവരുടെ പേരിനു നേരെ കാണിച്ചിട്ടുള്ള ട്രേഡിൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടെന്നു കാണുന്നു.

| ക്രമ.നം | ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പേര് | ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ.നം | ട്രേഡ് | NTC/NAC കരസ്ഥമാക്കിയ വർഷം | നിലവിൽ സേവനത്തിൽ ഉള്ള സ്ഥാപനം |
|---|---|---|---|---|---|
| 1 | സനിൽകുമാർ.റ്റി | 1241 | MRAC | 2014 | ആർ.ഐ.സി കൊല്ലം |
| 2 | സജികമാർ .എസ് | 1336 | സി.ഒ .ഇ ഓട്ടോമൊബൈൽ | 2011 | ഐ.ടി.ഐ(വ ) പാറശാല |

ടി സാഹചര്യത്തിൽ മേൽ പറഞ്ഞ ട്രേഡുകളിൽ ഒഴിവുള്ള വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ 19.04.2022 തീയതിയിലെ ഡിറ്റി/2883/2019-എ9 നമ്പർ ഉത്തരവ് പ്രകാരം പ്രസിദ്ധീകരിച്ചിരുന്ന ലാസ്റ്റ് ഗ്രേഡ് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന ജീവനക്കാർക്ക് പ്രസ്തുത തസ്തികയുടെ വിശേഷാൽ ചട്ട പ്രകാരം ഉള്ള അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിൽ കേരളാ ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 3(4), കെ.എസ്&എസ്.എസ്. ആർ ചട്ടം 31(A)(1) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താല്ക്കാലിക അടിസ്ഥാനത്തിൽ 25100-57900 രൂപ ശമ്പള നിരക്കിൽ അവരുടെ പേരിനു നേരെ പരാമർശിച്ചിരിക്കുന്ന സ്ഥാപനത്തിൽ വർക്ക്ഷോപ്പ് അറ്റൻഡർ തസ്തികയിൽ താല്ക്കാലികമായി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ.നം | ജീവനക്കാരന്റെ/ ജീവനക്കാരിയുടെ പേര് | ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ.നം | ട്രേഡ് | NTC/NAC കരസ്ഥമാക്കിയ വർഷം | നിലവിൽ സേവനത്തിൽ ഉള്ള സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|---|---|---|---|
| 1 | സനിൽകമാർ.റ്റി | 1241 | MRAC | 2014 | ആർ.ഐ.സി കൊല്ലം | ഐ.ടി.ഐ ചെങ്ങന്നൂർ |

| | | | | | | |
|---|---|---|---|---|---|---|
| 2 | സജികുമാർ .എസ് | 1336 | MMV | 2011 | ഐ.ടി.ഐ (വ ) പാറശാല | ഐ.ടി.ഐ ചന്ദനത്തോപ്പ് |

തസ്തികമാറ്റം വഴി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരുടെ തുടർന്നുള്ള സ്ഥാനക്കയറ്റങ്ങൾ കേരളാ ക്രാഫ്റ്റ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 6 ലെ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

തസ്തികമാറ്റം വഴി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാർക്ക് കേരളാ ക്രാഫ്റ്റ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾ ചട്ടം 7(1) ലെ വ്യവസ്ഥ പ്രകാരം ആദ്യ 2 വർഷക്കാലയളവിലെ തുടർച്ചയായ ഒരു വർഷം പ്രൊബേഷൻ കാലയളവായിരിക്കും.

തസ്തികമാറ്റം വഴി ഉദ്യോഗക്കയറ്റം ലഭിച്ച ജീവനക്കാരെ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ അടിയന്തിരമായി നിലവിലെ തസ്തികയിൽ നിന്ന് വിടുതൽ ചെയ്യേണ്ടതും, പ്രസ്തുത ജീവനക്കാർ പുതിയ തസ്തികയിൽ സേവനത്തിൽ പ്രവേശിക്കേണ്ടതുമാണ്. ടി ജീവനക്കാർക്ക് നിലവിലെ ചട്ടങ്ങൾ പ്രകാരമുള്ള യാത്രാപ്പടിക്കും, പ്രവേശനകാലത്തിനും അർഹതയുണ്ടായിരിക്കുന്നതാണ്. **2022 വർഷത്തെ പൊതു സ്ഥലമാറ്റം വഴി ലഭിക്കുന്ന അപേക്ഷകൾ അർഹതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുമ്പോൾ മേൽ പറഞ്ഞ ജീവനക്കാർക്ക് നിലവിൽ നൽകിയിട്ടുള്ള സ്ഥാപനങ്ങളിലെ നിയമനങ്ങൾ പുന:പരിശോധിക്കുന്നതാണ്.**

**ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഉള്ള 20.12.2021 തീയതിയിലെ ഒ.എ.2382/2021 പ്രകാരം ഉള്ള ഹർജിയിന്മേൽ ഉള്ള അന്തിമ വിധിക്ക് വിധേയമായിരിക്കും പ്രസ്തുത സ്ഥാനക്കയറ്റങ്ങളുടെ സാധുത എന്ന വിവരവും വ്യക്തമാക്കുന്നു.**

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ

സ്വീകർത്താവ് :-

സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ ( മേലധികാരി മുഖേന )

പകർപ്പ് :-

1. വകുപ്പിന് കീഴിലെ സ്ഥാപനമേധാവികൾ
2. വകുപ്പ് വെബ്സൈറ്റ്
3. കരുതൽ ഫയൽ

//ഉത്തരവിൻ പ്രകാരം//

Rejis

സീനിയർ സൂപ്രണ്ട്